ദേവസ്വം ബോർഡും ഹൈക്കോടതിയെ അറിയിക്കുകയും 25-8-2008-ലെ വിധിന്യായത്തിൽ കോടതി അത് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഒരു സർക്കുലർ സ്ഥാപനമായ പി.എസ്.സി. ഹിന്ദുമത സ്ഥാപനങ്ങളായ ദേവസ്വം ബോർഡുകളിലേക്ക് അപേക്ഷക്ഷണിച്ച് സെലക്ഷൻ നടത്തുന്നതിലെ അനൗചിത്യവും സർക്കാർ പരിഗണിച്ചിരുന്നു. ഇതിന്റെയെല്ലാം അടിസ്ഥാനത്തിലാണ് ദേവസ്വം നിയമനങ്ങൾ പി.എസ്.സി. ക്ക് വിട്ടുകൊണ്ടുള്ള നിയമം റദ്ദ് ചെയ്ത് ഏകീകൃത ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കാൻ സർക്കാർ നടപടി സ്വീകരിച്ചത്.

(ബി) പാരമ്പര്യ തസ്തികകളിലേക്കുള്ള (കാരായ്മ) നിയമനം ഓരോ കുടുംബത്തിന്റെ അവകാശമാണ്. പാരമ്പര്യ അവകാശമുള്ള കുടുംബത്തിലെ കാരണവർ നിർദ്ദേശിക്കുന്ന ആളെയാണ് ബോർഡ് നിയമിക്കുന്നത്. എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമനങ്ങൾ കേരള വിദ്യാഭ്യാസ ചട്ടങ്ങൾ പ്രകാരമാണ് നടത്തിവരുന്നത്. ഈ നിയമനാധികാരം എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ മാനേജർമാരിൽ നിക്ഷിപ്തമാണ്. നിലവിൽ ദേവസ്വം ബോർഡിന്റെകീഴിലുള്ള എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ മാനേജർ അതാത് ബോർഡുകളിലെ സെക്രട്ടറിമാരാണ്. ടി പശ്ചാത്തലത്തിലാണ് പാരമ്പര്യ (കാരായ്മ) തസ്തികകളിലേയും എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും തസ്തികകൾ ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വഴി നടത്തേണ്ടതില്ലെന്ന് തീരുമാനിച്ചത്.

(സി) അനക്സർ-1-ൽ ഉൾപ്പെടുത്തിയിരിക്കുന്ന പാരമ്പര്യ തസ്തികകളൊഴികെയുള്ള എല്ലാ തസ്തികകളിലേക്കും ദേവസ്വം റിക്രൂട്ടുമെന്റ് ബോർഡ് മുഖാന്തരം നിയമനം നടത്തുന്നതാണ്. പാരമ്പര്യ (കാരായ്മ) തസ്തികകളിലേക്കും എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ തസ്തികകളിലേക്കും നിലവിൽ തുടർന്നുവരുന്ന നിയമനരീതിയാണ് സ്വീകരിച്ചിരിക്കുന്നത്.

ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള ക്ഷേത്രങ്ങളുടെ ഭൂമി

109 (4912) ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) വിവിധ ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള ക്ഷേത്രങ്ങളുടെ ഭൂമി അന്യാധീനപ്പെട്ടതിന്റെ കണക്ക് ലഭ്യമാണോ; എങ്കിൽ അറിയിക്കുമോ ;

(ബി) അന്യാധീനപ്പെട്ട ദേവസ്വം ഭൂമി തിരിച്ചുപിടിക്കാൻ ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) അന്യാധീനപ്പെട്ട പന്തല്ലൂർ ക്ഷേത്ര ഭൂമി തിരിച്ചെടുക്കുന്നതിന് നിയമതടസ്സമുണ്ടോ ; എങ്കിൽ വിശദാംശം നൽകാമോ; ഇല്ലെങ്കിൽ പ്രസ്തുത ഭൂമി ഏറ്റെടുക്കാൻ നടപടി സ്വീകരിക്കാതിരുന്നതിന്റെ കാരണം അറിയിക്കുമോ ?

ഉത്തരം

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡ് വക 201 ഹെക്ടർ 05 ആർ 26ച.മി. (496 ഏക്കർ 60 സെന്റ് 834 ച.മി.) സ്ഥലം അന്യാധീനപ്പെട്ടിട്ടുണ്ട്. കൊച്ചിൻ ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിലുള്ള 11.0094 ഹെക്ടർ ദേവസ്വം ഭൂമിയിൽ അനധികൃത കയ്യേറ്റം നടത്തിയിട്ടുള്ളതായി സ്പെഷ്യൽ ദേവസ്വം തഹസിൽദാർ (എൽ.സി. യൂണിറ്റ്) നടത്തിയ സർവ്വേയിൽ കണ്ടെത്തിയിട്ടുണ്ട്. മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള വിവിധ ക്ഷേത്രങ്ങളുടേതായി 24693.24 ഏക്കർ ഭൂമി അന്യാധീനപ്പെട്ടിട്ടുണ്ട്. ഗുരുവായൂർ ദേവസ്വത്തിൽ കയ്യേറ്റങ്ങൾ ഒന്നുംതന്നെയില്ല. കൂടൽമാണിക്യം ദേവസ്വത്തിൽ 18.32 1/2 ഏക്കർ ഭൂമി അന്യാധീനപ്പെട്ടിട്ടുണ്ട്.

(ബി) തിരുവിതാംകൂർ ദേവസ്വം ബോർഡ് വക ഭൂമിയിലെ കയ്യേറ്റം തടയുന്നതിനും കയ്യേറിയ ഭൂമി തിരിച്ചു പിടിക്കുന്നതിനും ഭൂസംരക്ഷണ വിഭാഗം സ്പെഷ്യൽ തഹസിൽദാർ മുഖാന്തരം നടപടി സ്വീകരിച്ചിട്ടുണ്ട്. 2011 മുതൽ 2015 ജൂൺ വരെ 13 ഹെക്ടർ 48 ആർ 58 ച.മീ. (33ഏക്കർ 31 സെന്റ് 853 ച.മീ.) ഭൂമി അനധികൃത കയ്യേറ്റം ഒഴിപ്പിച്ച് ബോർഡ് ഏറ്റെടുത്തിട്ടുണ്ട്. കൊച്ചിൻ ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിലുള്ള ദേവസ്വം ഭൂമി കയ്യേറ്റം ഒഴിവാക്കുന്നതിന് സ്പെഷ്യൽ ദേവസ്വം തഹസീൽദാർ മുഖേന ദേവസ്വം ഭൂമി അളന്ന് തിട്ടപ്പെടുത്തുകയും കണ്ടെത്തുന്ന അനധികൃത കയ്യേറ്റം 1957-ലെ കേരള ഭൂസംരക്ഷണ നിയമപ്രകാരം നടപടികൾ സ്വീകരിച്ച് ഒഴിപ്പിച്ചെടുത്തുവരുന്നുണ്ട്. മലബാർ ദേവസ്വം വക ഭൂമി കയ്യേറ്റങ്ങൾ തടയുന്നതിനും കയ്യേറപ്പെട്ട ഭൂമി തിരിച്ചുപിടിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ക്ഷേത്ര ഭരണാധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മലബാർ ദേവസ്വം ബോർഡിന്

LIBRARY ARCHIVES Kerala Legislative Assembly

കീഴിലുള്ള ദേവസ്വം ഭൂമി കയ്യേറ്റം തടയുന്നതിന് മാത്രമായി ഒരു കെ.എൽ. സി. യൂണിറ്റ് ആരംഭിക്കുന്നകാര്യം സർക്കാരിന്റെ പരിഗണനയിലാണ്. കൂടൽമാണിക്യം ദേവസ്വത്തിൽ ഒരു സ്പെഷ്യൽ തഹസിൽദാരെയും സർവ്വെയറേയും നിയമിക്കുകയും ക്ഷേത്ര ഭൂമി കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ശ്രീ. പന്തല്ലൂർ ക്ഷേത്രഭൂമി സംബന്ധിച്ച് പന്തല്ലൂർ ദേവസ്വം ട്രസ്റ്റി സാമൂതിരി രാജയും ക്ഷേത്ര സംരക്ഷണ സമിതി പ്രസിഡന്റ് ശ്രീ. കെ. പി. മണികണ്ഠനും ഫയൽചെയ്ത ഹർജിയിന്മേലുള്ള ഏറനാട് അഡീഷണൽ തഹസിൽദാരുടെ ഉത്തരവിലും തുടർന്ന് ആർ.ഡി.ഒ. മുമ്പാകെയുള്ള അപ്പീൽ ഹർജിയിലെ ഉത്തരവിലും മലബാർ ദേവസ്വം ബോർഡ് കക്ഷിയായിരുന്നില്ല. പ്രസ്തുത ഉത്തരവുകൾ ദേവസ്വത്തിന് അനുകൂലമായിരുന്നു. ദേവസ്വത്തിന് അനുകൂലമായ ഉത്തരവിനെതിരെ ഹർജിക്കാർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും റിവിഷൻ ഹർജിയിൽ പ്രസ്തുത ഭൂസ്വത്തിന്റെ നിലവിലുള്ള സ്റ്റാറ്റസ് പ്രകാരം സർക്കാർ ഭൂമിയാണെന്നും ആയതിനാൽ ഇക്കാര്യത്തിൽ മലപ്പുറം ജില്ലാ കളക്ടറോട് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. ഈ ഉത്തരവിനെതിരെ ദേവസ്വം ട്രസ്റ്റി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിലവിലുള്ള ഡബ്ല്യു.പി.(സി) നമ്പർ 9391/08-ൽ ഇടക്കാല ഹർജി ഫയൽ ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതി അന്തിമവിധി പുറപ്പെടുവിച്ചിട്ടില്ല.

കുറ്റ്യാടി മണ്ഡലത്തിലെ ക്ഷേത്രങ്ങൾക്ക് ധനസഹായം

110 (4913) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2015-16 വർഷത്തിൽ ദേവസ്വം ബോർഡിന് കീഴിലുള്ളതും അല്ലാത്തതുമായ ക്ഷേത്രങ്ങൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ കുറ്റ്യാടി മണ്ഡലത്തിലെ ഏതെല്ലാം ക്ഷേത്രങ്ങൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) ദേവസ്വം ബോർഡും സർക്കാരും നൽകുന്ന ധനസഹായത്തിന് ക്ഷേത്രങ്ങൾ അപേക്ഷിക്കേണ്ടതിന്റെയും ധനസഹായം അനുവദിക്കുന്നതിന്റെയും മാനദണ്ഡങ്ങൾ വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly